GE-DA2/79/2023-G.EDN

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്-ശ്രീ ബാലകൃഷ്ണൻ കെ. കെ., മുൻ പ്രിൻസിപ്പൽ, ഗവ. എച്ച്.എസ്.എസ്, മടപ്പള്ളി, കോഴിക്കോട്-അച്ചടക്കനടപടി-ഔപചാരിക അന്വേഷണം നടത്തുന്നതിന് ഹയർ സെക്കൻഡറി ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2733/2024/GEDN തീയതി,തിരുവനന്തപുരം, 19-04-2024

പരാമർശം:-
1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർസെക്കന്ററി വിഭാഗം) 31.03.2023 ലെ HSE/3044/2023-Ad D1 നം കത്ത്
2. 01.4.2023 ലെ സ.ഉ(സാധാ) നം 2300/2023/പൊവിവ
3. 29.07.2023 ലെ GE-DA2/79/2023-G.EDN നം കുറ്റപത്രം, കുറ്റാരോപണ പത്രിക
4. ശ്രീ ബാലകൃഷ്ണൻ കെ. കെ. സമർപ്പിച്ച 20.09.2023 ലെ പ്രതിവാദ പത്രിക
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർസെക്കന്ററി വിഭാഗം) 16.02.2024 ലെ HSE/3044/2023-Ad D1 നം കത്ത്

**ഉത്തരവ്**

കോഴിക്കോട്, മടപ്പള്ളി ഗവ. വി .എച്ച്.എസ്.എസ് (10008) പ്രിൻസിപ്പൽ ശ്രീ. ബാലകൃഷ്ണൻ കെ. കെ. - ക്കെതിരെ (പെൻ - 446482, റിട്ടയർമെന്റ് തീയതി -31/03/2026) പോക്സോ ആക്ട് പ്രകാരം ക്രൈം നമ്പർ. 119/2023 നമ്പർ കേസ് വടകര ചോമ്പാല പോലിസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും ടിയാനെ 27/03/2023 ന് അറസ്റ്റ് ചെയ്തിട്ടുള്ളതായും നിലവിൽ റിമാൻഡ് ചെയ്തിട്ടുള്ളതായും പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെ 27/03/2023 പ്രാബല്യത്തിൽ പരാമർശം (2) പ്രകാരം സസ്പെൻഡ് ചെയ്ത് ഉത്തരവായിരുന്നു. തുടർന്ന് 1960-ലെ കെ.സി.എസ്(സി.സി&എ) ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (3) പ്രകാരം ടിയാന് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നല്കിയിരുന്നു. ആയതിന് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാൻ കുറ്റപത്രത്തിലെ എല്ലാ ചാർജ്ജുകളും നിഷേധിച്ചിരുന്നു. എന്നാൽ ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ, സ്കൂളിന്റെ മേലധികാരി, അദ്ധ്യാപകൻ എന്നീ നിലകളിൽ പ്രവർത്തിച്ച് വരുന്നതും, വിദ്യാർത്ഥികൾക്കും, പൊതു സമൂഹത്തിനും മാതൃകയാകേണ്ട ഒരു വ്യക്തി പോക്സോ കേസിൽ പ്രതി ചേർക്കപ്പെട്ടത് തീർത്തും അംഗീകരിക്കാൻ കഴിയുന്നതല്ലാത്തതിനാൽ

ശ്രീ. ബാലകൃഷ്ണൻ കെ കെ - യെ സസ്പെൻഷനിൽ നിലനിർത്തുന്നതിനും, ടിയാനെതിരായ അച്ചടക്ക നടപടിയിൽ മാതൃകാപരമായ ശിക്ഷ നൽകുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) കുറ്റപത്രത്തിന്മേൽ പരാമർശം (4) പ്രകാരം കുറ്റാരോപിതൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാലും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (5)-ലെ ശിപാർശയുടെ അടിസ്ഥാനത്തിലും ശ്രീ ബാലകൃഷ്ണൻ കെ. കെ.-യ്ക്കെതിരെ 1960-ലെ കെ.സി.എസ്(സി.സി&എ) ചട്ടം 15 ആരംഭിച്ച അച്ചടക്ക നടപടി തുടരുവാനും ആയതിന്റെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് ഹയർ സെക്കൻഡറി ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**GEETHA GOPINATH**

ഡെപ്യൂട്ടി സെക്രട്ടറി

**1.**പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം), തിരുവനന്തപുരം.
**2.**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ,പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർസെക്കന്ററി വിഭാഗം) കാര്യാലയം,തിരുവനന്തപുരം (പരാമർശം 3,4 സഹിതം)
**3.**ശ്രീ ബാലകൃഷ്ണൻ കെ. കെ., മുൻ പ്രിൻസിപ്പൽ, ഗവ. എച്ച്.എസ്.എസ്, മടപ്പള്ളി, കോഴിക്കോട് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
**4.**അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം.
**5.**സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 20-04-2024 13:57:17
സെക്ഷൻ ഓഫീസർ

ബഹു പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ-യ്ക്ക്